# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3589 — 22.08.2017 – ൽ മറുപടിക്ക്

# പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. കെ. സുരേഷ് കുറുപ്പ് :** | | **ശ്രീ. പി. തിലോത്തമൻ** (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) 2016 ജനുവരി മാസം മുതൽ 2017 ജൂലൈ മാസം വരെ സംസ്ഥാനത്ത് എത്ര പുതിയ റേഷൻ കാർഡുകൾ നൽകിയിട്ടുണ്ട്; | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണ പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ പുതിയ റേഷൻ കാർഡുകളുടെ വിതരണം താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. |
| (ബി) പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിന് നിലവിൽ എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടോ; | (ബി) യും (സി) യും | പുതുക്കിയ റേഷൻകാർഡുകളുടെ വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പുനരാരംഭിക്കുന്നതാണ്. |
| (സി) എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ